## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 729

11.07.2016-ൽ മറുപടിയ്ക്ക്

### അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് ഉദ്യോഗസ്ഥരും അങ്കമാലി മണ്ഡലത്തിലെ ജനപ്രതിനിധികളും ഉൾപ്പെടെയുളളവർ 08.06.16-ൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ച എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ഇതിൽ പൂർത്തീകരിക്കാനുളള ബാക്കി പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) കാലടി മഞ്ഞപ്ര റോഡിലും, അങ്കമാലി മഞ്ഞപ്ര റോഡിലും, കാലടി ആനപ്പാറ പൂതം കുറ്റി റോഡിലും വെള്ളക്കെട്ട് പരാമർശിക്കപ്പെട്ട ഭാഗങ്ങളിൽ വെള്ളം പൊട്ടിച്ചു വിട്ടും, മണ്ണ് നീക്കം ചെയ്തും പരിഹരിക്കാവുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മഞ്ഞപ്ര വടക്കുംഭാഗം എടക്കുന്ന് റോഡിൽ തവളപ്പാറയ്ക്ക് സമീപം ഉള്ള വെള്ളക്കെട്ട് മാറ്റുവാൻ കോൺക്രീറ്റ് ഓട പണിയേണ്ടതായുണ്ട്. പ്രസ്തുത പ്രവൃത്തി മഞ്ഞപ്ര പഞ്ചായത്ത് ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. കിടങ്ങൂർ ബദ്‌ലഹേം റോഡിൽ 5-)മത്തെ കി.മീറ്ററിലെ വെള്ളക്കെട്ട് മാറ്റുവാൻ കോൺക്രീറ്റ് ഓടയും, കലുങ്കും പണിയേണ്ടതായുണ്ട്. കാലടി - മലയാറ്റൂർ റോഡിലെ കൊറ്റാമത്ത് മൂടപ്പെട്ട എല്ലാ ഓടകളിലേയും സ്ലാബുകൾ ഉൾപ്പെടെ എടുത്തു മാറ്റി പരിഹാരം കാണേണ്ടതായുണ്ട്. |
| (ബി) ഓടകളിൽ നിന്നും മാറ്റുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുളള മണ്ണ് റോഡിന്റെ വശത്ത് തന്നെ ഇടുന്നതും, ഉടനെ പെയ്യുന്ന മഴയിൽ ഇത് വീണ്ടും ഓടയിൽ തന്നെ വീണ് ഓട നിറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിർദ്ദേശമെന്തെങ്കിലും മുന്നോട്ട് വച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യാറില്ല. ഇത്തരം മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് മാലിന്യം നിക്ഷേപിക്കാൻ സൗകര്യമുള്ളയിടങ്ങളിൽ നിക്ഷേപിക്കുകയാണ് വേണ്ടത്. |

| | |
|---|---|
| (സി) അങ്കമാലി മണ്ഡലത്തിലെ ആനപ്പാറ - കല്ലുകുളം റോഡിന്റെ പുനരുദ്ധാരണത്തിനും, മുക്കന്നൂർ - കരയാംപറമ്പ്, മഞ്ഞപ്ര പഞ്ചായത്തിലെ ഇടക്കുന്ന്, കറുകുറ്റി പഞ്ചായത്തിലെ കിടങ്ങൂർ - ബദലഹേം എന്നി റോഡുകളുടെ വെള്ളക്കെട്ട് മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) ആനപ്പാറ — പൂതംകുറ്റി റോഡിന്റെ പുനഃരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു.മുക്കന്നൂർ - കരയാംപറമ്പ് റോഡ്, എടക്കുന്ന് - കിടങ്ങൂർ - ബദ്‌ലഹേം റോഡ് എന്നിവിടങ്ങളിൽ മണ്ണ് മാറ്റിയും, വെള്ളം പൊട്ടിച്ചു വിട്ടും, മണ്ണ് നീക്കം ചെയ്തും പരിഹരിക്കാവുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. കിടങ്ങൂർ ബദ്‌ലഹേം റോഡിൽ 5-)മത്തെ കി.മീറ്ററിലെ വെള്ളക്കെട്ട് മാറ്റുവാനും, കോൺക്രീറ്റ് ഓടയും, കലുങ്കും പണിയുന്നതിനുമുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ